Page 1 of 1

പ്രാദേശിക പത്രപ്രവർത്തകരെ 1993-ലെ കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല. എന്നാൽ 2008-ലെ അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി എന്ന കേന്ദ്ര നിയമപ്രകാരം 2-2-2016-ലെ ജി.ഒ.(പി) നമ്പർ.24/2016/തൊഴിൽ ഉത്തരവ് മുഖേന കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമായി ചേരാനുള്ള അവകാശം പ്രാദേശിക പത്രപ്രവർത്തകർക്ക് നിലവിലുണ്ട്. Working Journalists (Conditions of Service) and Miscellaneous Provisions Act, 1955-ന്റെ പരിധിയിൽ വരാത്തവരും ഫ്രീലാൻസ് പത്ര റിപ്പോർട്ടർ, stringer തുടങ്ങി പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും സ്കീമിൽ അംഗത്വമെടുക്കാവുന്നതാണ്. ഈ ക്ഷേമ പദ്ധതി മുഖാന്തരം റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, അപകടാനുകൂല്യം എന്നിവയും ഈ വിഭാഗത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

### ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

- പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1545-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VI റിപ്പോർട്ട് സമർപ്പണം

### (1) 2016-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2016-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly